**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 15** **23-01-2025 - ൽ മറുപടിയ്ക്ക്**

**അതിദാരിദ്ര്യ നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. ലിന്റോ ജോസഫ്,<br>ശ്രീ. എച്ച്. സലാം | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായുള്ള സർവേയിൽ വരുമാനം ക്ലേശഘടകമായി കണ്ടെത്തിയ എത്ര കുടുംബങ്ങളുണ്ടെന്നും അവർക്ക് വരുമാനം ഉറപ്പാക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും അറിയിക്കുമോ; | (എ) | സംസ്ഥാനത്ത് അതിദാരിദ്ര്യ നിർമ്മാർജ്ജനത്തിന്റെ ഭാഗമായുള്ള സർവേയിൽ വരുമാനം ക്ലേശഘടകമായുള്ള 4119 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 2503 കുടുംബങ്ങൾക്ക് കുടുംബശ്രീ സംസ്ഥാന മിഷന്റെ പിന്തുണയോടെ നടപ്പിലാക്കുന്ന 'ഉജ്ജീവനം'' പദ്ധതിയിലൂടേയും, 292 കുടുംബങ്ങൾക്ക് തദ്ദേശ സ്ഥാപനങ്ങൾ മുഖേനയും, 223 കുടുംബങ്ങൾക്ക് മറ്റ് വകുപ്പുകൾ മുഖേനയും 137 കുടുംബങ്ങൾക്ക് സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ മുഖേനയും വരുമാനദായക പ്രവർത്തനങ്ങൾക്ക് ആവശ്യമായ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്. കടകൾ, ബങ്കുകൾ, കാറ്ററിംഗ് യൂണിറ്റുകൾ, കന്നുകാലി/ ആട് യൂണിറ്റുകൾ, തയ്യൽ യൂണിറ്റുകൾ തുടങ്ങിയവയാണ് കൂടുതലും നൽകിയിട്ടുള്ളത്. എല്ലാ അതിദരിദ്ര കുടുംബങ്ങൾക്കും മഹാത്മാ ഗാന്ധി ദേശിയ തൊഴിലുറപ്പ് പദ്ധതിയിലൂടേയും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയിലൂടേയും തൊഴിൽ കാർഡ് നൽകുവാനും അവർക്ക് അനുയോജ്യമായ തൊഴിൽ കണ്ടെത്തി 100 ദിവസത്തെ തൊഴിൽ നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | അതിദാരിദ്ര്യ കുടുംബങ്ങൾക്കായുള്ള ഉപജീവന പദ്ധതിയുടെ ചുമതലകൾ ഏതെല്ലാം ഏജൻസികൾ വഴിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | കുടുംബശ്രീ സംസ്ഥാന മിഷന്റെ നേതൃത്വത്തിൽ ഉജ്ജീവനം പദ്ധതിയിലൂടേയും തദ്ദേശ സ്ഥാപനങ്ങൾ, ഇതര വകുപ്പുകൾ, സ്വകാര്യ ഏജൻസികൾ എന്നിവർ മുഖേനയുമാണ് അതിദരിദ്രർക്കുള്ള ഉപജീവന മാർഗ്ഗങ്ങൾ നടപ്പിലാക്കി വരുന്നത്. |
| (സി) | വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന ക്ഷേമപദ്ധതികളിൽ അതിദാരിദ്ര്യ ഗുണഭേക്താക്കൾക്ക് മുൻഗണനയും ഗുണഭോക്തൃവിഹിതം ആവശ്യമുള്ള പദ്ധതികളിൽ | (സി) | അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഗുണഭോക്തൃ വിഹിതം കണ്ടെത്താൻ കഴിയാത്തതിനാൽ അതിദരിദ്രരുടെ അംഗീകരിച്ച ലിസ്റ്റിൽപ്പെട്ടവർക്കു വേണ്ടി തദ്ദേശഭരണ |

| | | | |
|---|---|---|---|
| | ഗുണഭോക്തൃവിഹിതം ഒഴിവാക്കുന്നതിനും ആവശ്യമെങ്കിൽ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി കണ്ടെത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | | സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള മൈക്രോ പ്ലാനിലെ പ്രോജക്ടുകൾക്ക് 100 ശതമാനം സബ്സിഡി നൽകാവുന്നതാണ് എന്നും എന്നാൽ മാർഗ്ഗരേഖ പ്രകാരം നിശ്ചയിച്ചിട്ടുള്ള യൂണിറ്റ് നിരക്ക് ഇത്തരം കുടുംബങ്ങൾക്കും ബാധകമായിരിക്കും എന്നും 14.02.2024 ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ മിനിറ്റ്സ്, ഖണ്ഡിക 3.1 പ്രകാരം തീരുമാനിച്ചിട്ടുണ്ട്.<br><br>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുമായി ബന്ധപ്പെട്ട് 18.01.2024-ന് ബഹു. തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടന്ന അവലോകന യോഗത്തിലെ തീരുമാന പ്രകാരം വിവിധ വകുപ്പുകൾ മുഖാന്തിരം അതിദരിദ്രർക്ക് നൽകുന്ന സേവനങ്ങൾക്കുള്ള ഗുണഭോക്തൃ വിഹിതം ഒഴിവാക്കുന്നതിനായി കോ-ഓർഡിനേഷൻ സമിതിയിൽ തീരുമാനം എടുത്ത ശേഷം ചീഫ് സെക്രട്ടറി തലത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശിച്ചിരുന്നു. അതിൻപ്രകാരം 16.10.2024 -ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി യോഗത്തിന്റെ പരിഗണനക്കായി ശുപാർശ സമർപ്പിക്കുകയും ടി യോഗത്തിന്റെ മിനിറ്റ്സ്, ഖണ്ഡിക - 4.17 (i) പ്രകാരം ഫയൽ ചീഫ് സെക്രട്ടറിക്ക് സമർപ്പിച്ച് തുടർനടപടി സ്വീകരിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. പ്രസ്തുത ഫയലിന്റെ അടിസ്ഥാനത്തിൽ 20.12.2024 തീയതിയിൽ ചീഫ് സെക്രട്ടറിയും സെക്രട്ടറിമാരുമായുള്ള പ്രതിമാസ അവലോകന യോഗത്തിൽ അജണ്ട 8 ആയി വിഷയം പരിഗണിക്കുകയും ആവശ്യമായ നിർദ്ദേശം വിവിധ വകുപ്പുകൾക്കും ജില്ലാ കളക്ടർമാർക്കും നല്കിയിട്ടുണ്ട്. ഏതെല്ലാം വകുപ്പുകളുടെ ഏതെല്ലാം സേവനങ്ങളാണ് ഇനിയും ആവശ്യമായിട്ടുള്ളതെന്ന് വ്യക്തമായ ശുപാർശ സമർപ്പിക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) | അതിദാരിദ്ര്യ മുക്തമാകുന്ന ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ പ്രത്യേകം പ്രത്യേകമായി പ്രഖ്യാപനങ്ങൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിനകം എവിടെയെങ്കിലും പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 27/11/2024-ന് കൂടിയ അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി അവലോകന യോഗത്തിലെ തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അതിദാരിദ്ര്യ മുക്തമായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഗ്രാമ, ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ അതിദാരിദ്ര്യ മുക്ത പ്രഖ്യാപനം |

| | | | |
|---|---|---|---|
| | | | നടന്നുവരുന്നുണ്ട്. ഇതിനകം പ്രഖ്യാപനം നടത്തിയിട്ടുള്ളതും പ്രഖ്യാപനം നടത്താൻ തീരുമാനിച്ചിട്ടുള്ളതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

| ക്രമ നം | ജില്ല | ഗ്രാമപഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുൻസിപ്പാലിറ്റി | കോർപ്പറേഷൻ | GP പ്രഖ്യാപനം നടത്തിയ തീയതി | BP പ്രഖ്യാപനം നടത്തിയ തീയതി | DPപ്രഖ്യാപനം നടത്തിയ തീയതി | MUNCIPALITY പ്രഖ്യാപനം നടത്തിയ തീയതി | CORP പ്രഖ്യാപനം നടത്തിയ തീയതി | തീരുമാനിച്ചിരിക്കുന്ന തീയതി |
|---|---|---|---|---|---|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | വെട്ടൂര് | | | | | | | | | | 22/01/2025 |
| 2 | തിരുവനന്തപുരം | ആര്യനാട് | | | | | 16/03/2024 | | | | | |
| 3 | കൊല്ലം | തെന്മല | | | | | | | | | | March 20 |
| 4 | കാസറഗോഡ് | മടിക്കൈ | | | | | | | | | | 19/01/2025 |
| 5 | കാസറഗോഡ് | ബേഡഡുക്ക | | | | | 30/09/2024 | | | | | |
| 6 | കാസറഗോഡ് | ബെള്ളൂർ | | | | | 01/11/2024 | | | | | |
| 7 | കാസറഗോഡ് | മുളിയാർ | | | | | | | | | | 31/01/2025 |
| 8 | കാസറഗോഡ് | ചെറുവത്തൂർ | | | | | | | | | | 17/10/2024 |
| 9 | കാസറഗോഡ് | പിലിക്കോട് | | | | | 31/07/2024 | | | | | |
| 10 | കാസറഗോഡ് | വലിയപറമ്പ | | | | | | | | | | 24/01/2025 |
| 11 | കാസറഗോഡ് | ഈസ്റ്റ് എളേരി | | | | | | | | | | 21.01.2025 |
| 12 | കാസറഗോഡ് | | നീലേശ്വരം | | | | | | | | | 30.08.2024 |
| 13 | കാസറഗോഡ് | | | | നീലേശ്വരം | | | | | | | 30/08/2025 |
| 14 | ആലപ്പുഴ | പുളിങ്കുന്ന് | | | | | 03/12/24 | വെളിയനാട് 07/01/2025 | | | | |
| 15 | ആലപ്പുഴ | രാമങ്കരി | | | | | 09/12/24 | | | | | |
| 16 | ആലപ്പുഴ | മുട്ടാർ | | | | | 27/12/23 | | | | | |
| 17 | ആലപ്പുഴ | വെളിയനാട് | | | | | 27/12/24 | | | | | |
| 18 | ആലപ്പുഴ | കാവാലം | | | | | 12/12/24 | | | | | |
| 19 | ആലപ്പുഴ | നീലംപേരൂർ | | | | | 15/12/24 | | | | | |
| 20 | ആലപ്പുഴ | ചമ്പക്കുളം | | | | | 09/12/2024 | | | | | |
| 21 | ആലപ്പുഴ | തകഴി | | | | | 08/10/24 | | | | | |
| 22 | ആലപ്പുഴ | തലവടി | | | | | 01/11/2024 | | | | | |
| 23 | ആലപ്പുഴ | നെടുമുടി | | | | | 14/11/2024 | | | | | |
| 24 | ആലപ്പുഴ | മുതുകുളം | | | | | 09/09/2024 | | | | | |
| 25 | ആലപ്പുഴ | ആലാ | | | | | 18/10/2024 | | | | | |
| 26 | ആലപ്പുഴ | പാണ്ടനാട് | | | | | 30.12.2024 | | | | | |
| 27 | ആലപ്പുഴ | അമ്പലപ്പുഴ തെക്ക് | | | | | 17/01/2025 | | | | | |
| 28 | കോട്ടയം | Poonjar | | | | | 30/10/2024 | | | | | |
| 29 | കോട്ടയം | Thalanad | | | | | 07/12/2024 | | | | | |
| 30 | കോട്ടയം | Kallara | | | | | 26/10/2023 | | | | | |
| 31 | കോട്ടയം | Mulakulam | | | | | 24/06/2024 | | | | | |
| 32 | കോട്ടയം | Njeezhoor | | | | | 26.10.2023 | | | | | |
| 33 | കോട്ടയം | Thalayolaparambu | | | | | 31.10.2023 | | | | | |
| 34 | കോട്ടയം | Karoor | | | | | 30/10/2024 | | | | | |

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 35 | കോട്ടയം | VAZHAPALLY | | | | | 30/09/2024 | | | | | |
| 36 | കോട്ടയം | Madappally | | | | | 30/10/2023 | | | | | |
| 37 | കോട്ടയം | Thrikkodithanam | | | | | 24/12/2024 | | | | | |
| 38 | കോട്ടയം | Vakathanam | | | | | 25/10/2023 | | | | | |
| 39 | കോട്ടയം | Vijayapuram | | | | | 26/10/2023 | | | | | |
| 40 | കോട്ടയം | Meenadom | | | | | 27/10/2023 | | | | | |
| 41 | കോട്ടയം | Kuravilangad | | | | | 30/10/2023 | | | | | |
| 42 | കോട്ടയം | Uzhavoor | | | | | 24/10/2024 | | | | | |
| 43 | കോട്ടയം | Veliyannoor | | | | | 26/10/2023 | | | | | |
| 44 | കോട്ടയം | Kangazha | | | | | 01-11-2023 | | | | | |
| 45 | കോട്ടയം | Vazhoor | | | | | 01-11-2023 | | | | | |
| 46 | കോട്ടയം | Vellavoor | | | | | 01-11-2023 | | | | | |
| 47 | കോട്ടയം | Paippad | | | | | 28/10/2024 | | | | | |
| 48 | കോട്ടയം | Mutholy | | | | | | | | | | 20/02/2025 |
| 49 | കോട്ടയം | Thalayazham | | | | | | | | | | 04/02/2025 |
| 50 | കോട്ടയം | Karukachal | | | | | | | | | | 21/01/2025 |
| 51 | കോട്ടയം | Chempu | | | | | | | | | | 31.01.2025 |
| 52 | ഇടുക്കി | വട്ടവട | | | | | 09.03.2023 | | | | | |
| 53 | തൃശ്ശൂർ | അരിമ്പൂർ | | | | | 24-10-2024 | | | | | |
| 54 | തൃശ്ശൂർ | അവണ്ണൂര് | | | | | 06-11-2024 | | | | | |
| 55 | തൃശ്ശൂർ | പോർക്കുളം | | | | | 12-07-2024 | | | | | |
| 56 | തൃശ്ശൂർ | മതിലകം | | | | | 10-12-2024 | | | | | |
| 57 | തൃശ്ശൂർ | കൊടകര | | | | | 01-10-2024 | | | | | |
| 58 | തൃശ്ശൂർ | പൂമംഗലം | | | | | 16.11.2024 | | | | | |
| 59 | തൃശ്ശൂർ | കണ്ടാണശ്ശേരി | | | | | 11-10-2023 | | | | | |
| 60 | തൃശ്ശൂർ | നെന്മണിക്കര | | | | | | | | | | 15-02-2025 |
| 61 | പാലക്കാട് | Koppam | | | | | | | | | | 10/03/2025 |
| 62 | പാലക്കാട് | Sreekrishnapuram | | | | | | | | | | 27/02/2025 |
| 63 | വയനാട് | Thariyode | | | | | 27.03.2023 | | | | | |
| 64 | കണ്ണൂർ | പിണറായി | | | | | 02/01/2025 | | | | | |
| 65 | കണ്ണൂർ | പെരളശ്ശേരി | | | | | 02/01/2025 | | | | | |
| 66 | കണ്ണൂർ | കടന്നപ്പള്ളി പാണപ്പുഴ | | | | | | | | | | 25/1/2025 |
| 67 | കണ്ണൂർ | കുറ്റ്യാട്ടൂര് | | | | | 25/10/2023 | | | | | |
| 68 | കണ്ണൂർ | മലപ്പട്ടം | | | | | 02/03/2024 | | | | | |
| 69 | കണ്ണൂർ | കരിവെള്ളൂർ പെരളം | | | | | 26.02.2024 | | | | | |